LIBRARY ARCHIVES Kerala Legislative Assembly

വൈക്കം മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

88(4098) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം മണ്ഡലത്തിലെ മൂലക്കടവ് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ഭൂമിയേറ്റെടുക്കലിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

വൈക്കം മണ്ഡലത്തിലെ മൂലക്കടവ് പാലത്തിന് 25 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതിയും തുടർന്ന് 19.22 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. 99.24 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി 1.534 കോടി രൂപ സാമ്പത്തികാനുമതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിക്കുന്നതിനായി 2 ലക്ഷം രൂപയുടെ കണ്ടിൻജൻസി ചാർജ്ജ് റവന്യൂ വകുപ്പിന് അടയ്ക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിലെ അക്കരപ്പാടം പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ ഭൂമിയേറ്റെടുക്കലിനായി നാളിതുവരെ നടത്തിയ നടപടികൾ വ്യക്തമാക്കുമോ;

(സി) അക്കരപ്പാടം പാലം നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

(ബി&സി) അക്കരപ്പാടം പാലത്തിന് 15 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതിയും 15.318 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. 39.27 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി 80 ലക്ഷം രൂപ സാമ്പത്തികാനുമതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 19.10.2019-ൽ ഈ പ്രവൃത്തിക്കായി 1,50,000 രൂപ കണ്ടിൻജൻസി ചാർജായി കിഫ്ബിയിൽനിന്ന് നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് സാമൂഹിക ആഘാത പഠന റിപ്പോർട്ടിന്മേൽ വിദഗ്ധ സമിതിയുടെ വിലയിരുത്തൽ റിപ്പോർട്ട് അംഗീകരിച്ച്, കോട്ടയം ജില്ല കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. സ്പെഷ്യൽ തഹസീൽദാർ (LA-KIIFB)-യുമായി PWD ഉദ്യോഗസ്ഥർ സംയുക്ത സ്ഥല പരിശോധന നടത്തിയിട്ടുള്ളതാണ്. ഭൂമി ഏറ്റെടുപ്പുനടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സാങ്കേതിക അനുമതിക്കുള്ള എസ്റ്റിമേറ്റ് സമർപ്പിക്കാൻ 74-ാമത് ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശം നൽകിയിട്ടുള്ളതാണ്.